بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 25-10-2024 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് യു.കെ ഇസ്ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം**

## അഹ്സാബ് യുദ്ധം:

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَ رَسُوۡلُهٗ۔ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ۔

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ۝ الرَّحۡمٰنِ الرَّحِیۡمِ۝ مٰلِکِ یَوۡمِ الدِّیۡنِ۝ اِیَّاکَ نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ۝

اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ۝ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَ لَا الضَّآلِّیۡنَ۝

തശഹ്ഹുദും തഅവ്വുദും സൂറ ഫാത്തിഹയും ഓതിയതിന് ശേഷം ഹുസൂർ തിരുമനസ്സ് അയ്യദഹുല്ലാഹ് പറഞ്ഞു:

അഹ്സാബ് യുദ്ധ പശ്ചാത്തലത്തിൽ ബനു ഖുറൈസ ഗോത്രം കരാർ ലംഘിച്ചതിനാൽ അവരെ യുദ്ധാനന്തരം അവരുടെ കോട്ടകൾ ഉപരോധിക്കപ്പെട്ടത് സംബന്ധിച്ചുള്ള വിവരണമാണ് നടന്നു വരുന്നത്. ഇതിന്റെ കൂടുതൽ വിശദീകരണങ്ങൾ ഇപ്രകാരമാണ്.

ഉപരോധം ശക്തമായപ്പോൾ നബിതിരുമേനി(സ)യുടെ തീരുമാനപ്രകാരം കോട്ടകളിൽ നിന്ന് പുറത്തേക്ക് വന്നു. ഈ ഉപരോധം 14 ദിവസം നീണ്ടുനിന്നു എന്നും 15 ദിവസം നീണ്ടുനിന്നു എന്നും 25 ദിവസം നീണ്ടുനിന്നു എന്നിങ്ങനെയുള്ള വ്യത്യസ്തത നിവേദനങ്ങൾ ഉണ്ട്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് വ്യത്യസ്ത നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഈ ഉപരോധം 20 ദിവസം നീണ്ടുനിന്നു എന്ന നിഗമനത്തിൽ എത്തിച്ചേർന്നിട്ടുണ്ട്. ഈ കാര്യത്തിൽ തീരുമാനമെടുക്കുന്നതിനായി വിധികർത്താവായി ഹദ്റത്ത് സഅദ് ബിൻ മുആദ്നെ നിയമിക്കുകയുണ്ടായി. യഹൂദികളെ ബന്ദികളാക്കാൻ നബിതിരുമേനി(സ) കൽപിച്ചപ്പോൾ പുരുഷൻമാരെ കയറുകൊണ്ട് കെട്ടി. സ്ത്രീകളെയും കുട്ടികളെയും മാറ്റി നിർത്തി. അവരുടെ കോട്ടക്കുള്ളിൽ നിന്ന് 1500 വാളുകളും 300 യുദ്ധകവചങ്ങളും 2000 കുന്തങ്ങളും 1500 തുകിലിന്റെ പരിചകളും ധാരാളം പാത്രങ്ങളും ലഭിച്ചു. ഒട്ടകങ്ങളും മറ്റു മൃഗങ്ങളും ഉണ്ടായിരുന്നു.

ഔസ് ഗോത്രപ്രമാണികൾ റസൂൽകരീം(സ)യോട് പറഞ്ഞു: ബനൂ ഖുറൈസ ഞങ്ങളുടെ സഖ്യകക്ഷിയാണ്. അതിനാൽ ഞങ്ങൾക്ക് വേണ്ടി അങ്ങ് അവർക്ക് മാപ്പ് നൽകിയാലും. ഔസ് ഗോത്രക്കാർ കൂടുതൽ സമ്മർദ്ദം ചെലുത്തിയപ്പോൾ തിരുനബി(സ) പറഞ്ഞു: അവരുടെ കാര്യത്തിൽ വിധി കല്പ്പിക്കാനായി നിങ്ങളിൽ നിന്നുള്ള ഒരു വ്യക്തിയെ ഏൽപ്പിക്കാൻ നിങ്ങൾക്ക് സമ്മതമാണോ? അവർ തങ്ങളുടെ സമ്മതം അറിയിച്ചപ്പോൾ ഹദ്റത്ത് സഅദ് ഇബ്നു മുആദ്നെ ഈ കാര്യത്തിനായി ചുമതലപ്പെടുത്തി. മറ്റൊരു നിവേദനമനുസരിച്ച് എന്റെ സഹാബാക്കളിൽ നിന്ന് ആരെ വേണമെങ്കിലും നിങ്ങൾക്ക് തിരഞ്ഞെടുക്കാം എന്ന് നബിതിരുമേനി(സ) പറഞ്ഞപ്പോൾ അവർ ഹദ്റത്ത് സഅദ് ഇബ്നു മുആദ്നെ തിരഞ്ഞെടുക്കുകയുണ്ടായി. ഹദ്റത്ത് സഅദ് ഔസ് ഗോത്രത്തിന്റെ തലവനായിരുന്നു. ബനൂ ഖുറൈസയുടെ സഖ്യകക്ഷിയുമായിരുന്നു. അതിനാൽ കാര്യങ്ങൾ ഇപ്പോൾ തങ്ങളുടെ കയ്യിലാണെന്നും അറേബ്യയുടെ രീതി അനുസരിച്ച് ഹദ്റത്ത് സഅദ് തന്റെ സഖ്യകക്ഷിയായ ഗോത്രത്തിനോട് വിട്ടുവീഴ്ചയോട് പെരുമാറുമെന്നും അവർ കരുതി. എന്നാൽ ഹദ്റത്ത് സഅദ് പരിശുദ്ധനും വിശ്വസ്തതയുമുള്ള സഹാബിയായിരുന്നു. അദ്ദേഹം അല്ലാഹുവിനോടും അവന്റെ ദൂതനോടുമുള്ള ബന്ധത്തിന് മറ്റെല്ലാ ബന്ധങ്ങളെക്കാളും മുൻഗണന നൽകിയിരുന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: ഔസ് ഗോത്രത്തിലെ ചിലർ ഹദ്റത്ത് സഅദ്നെ സമീപിച്ച് അദ്ദേഹത്തിന് മേൽ സമ്മർദ്ദം ചെലുത്തിക്കൊണ്ട് ഇപ്രകാരം അഭ്യർത്ഥിച്ചു, ബനൂ ഖുറൈസ നമ്മുടെ സഖ്യകക്ഷിയാണ്. അതിനാൽ ഖസ്റജ് ഗോത്രം ബനൂ ഖൈനുഖാഅ് ഗോത്രത്തിനോട് വിട്ടുവീഴ്ചയോടെ പെരുമാറിയതുപോലെ താങ്കളും ബനൂ ഖുറൈസയോട് വിട്ടുവീഴ്ചയോടെ പെരുമാറുക. അവർക്ക് കഠിന ശിക്ഷ നൽകാതിരിക്കുക. ഇതെല്ലാം കേട്ട് സഅദ് ഇബ്നു മുആദ് ആദ്യം കുറച്ച് നേരം നിശബ്ദനായിരുന്നു. എന്നാൽ അവർ കൂടുതൽ സമ്മർദ്ദം ചെലുത്താൻ തുടങ്ങിയപ്പോൾ സഅദ് മൗനം ഭഞ്ജിച്ചുകൊണ്ട് പറഞ്ഞു. സത്യത്തിന്റെയും നീതിയുടെയും കാര്യത്തിൽ സഅദ് എല്ലാ ആക്ഷേപകരുടെ ആക്ഷേപത്തെയും അവഗണിക്കുന്ന സമയമാണിത്. ഇത് കേട്ടതും ജനങ്ങൾ നിശബ്ദരായി.

തന്റെ വിധി ഇരുഭാഗത്തുള്ളവരും അംഗീകരിക്കുമെന്ന് വാഗ്ദാനം വാങ്ങിയതിന് ശേഷം അദ്ദേഹം തന്റെ വിധി അറിയിച്ചു. ബനൂ ഖുറൈസയിലെ യുദ്ധം ചെയ്യാനറിയുന്ന എല്ലാ പുരുഷൻമാരും വധിക്കപ്പെടണം. അവരുടെ സ്ത്രീകളും കുട്ടികളും ബന്ദി

കളാക്കപ്പെടണം. അവരുടെ സ്വത്തുകൾ മുസ്‌ലീങ്ങൾക്കിടയിൽ വിതരണം ചെയ്യപ്പെടുന്നതാണ്. ഈ തീരുമാനം കേട്ടതും നബി(സ) പറഞ്ഞു: താങ്കളുടെ തീരുമാനം ദൈവഹിതമനുസരിച്ചുള്ളതാണ്. തിരുനബി(സ) ഇപ്രകാരം പറഞ്ഞതിന്റെ ഉദ്ദേശം എന്തെന്നാൽ ബനു ഖുറൈസയെ സംബന്ധിച്ചുള്ള വിധി ഏതൊരു അവസ്ഥയിലാണോ നടന്നത് അതിൽ നിന്നും വ്യക്തമാകുന്നത് അവിടെ ദൈവിക ഇടപെടലുകൾ നടന്നിരുന്നു എന്നാണ്. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ കാരുണ്യപ്രകൃതത്തിന് അതിനെ വിലക്കാനാകുമായിരുന്നില്ല. ഈ വിധി തന്നെയാണ് അത്താഴം കഴിക്കുന്ന സമയത്ത് മലക്കുകൾ എന്നോട് പറഞ്ഞത് എന്ന് നബിതിരുമേനി(സ) പറഞ്ഞതായി മറ്റൊരു നിവേദനത്തിൽ രേഖപ്പെട്ടു കിടക്കുന്നു. ഹദ്റത്ത് സഅദ്ന്റെ വിധിപ്രസ്താവനത്തിന് ശേഷം നബിതിരുമേനി(സ) ദുൽഹജ്ജ് 9 നു മറ്റൊരു നിവേദനമനുസരിച്ച് ദുൽഹജ്ജ് 7 നു വ്യാഴാഴ്ച മദീനയിലേക്ക് തിരികെവന്നു. നബിതിരുമേനി(സ)യുടെ കൽപ്പന പ്രകാരം ബന്ദികളെ മദീനയിൽ ഉസാമ ബിൻ സൈദിന്റെ വീട്ടിലും സ്ത്രീകളെയും കുട്ടികളെയും ഹദ്റത്ത് റംല ബിൻത്ത് ഹാരിസയുടെ വീട്ടിലേക്കും കൊണ്ടുവന്നു. സഹാബികൾ ബനൂ ഖുറൈസക്ക് ഭക്ഷിക്കാനായി പഴങ്ങളുടെ കൂമ്പാരങ്ങൾ സ്വരുക്കൂട്ടി. യഹൂദികൾ രാത്രിമുഴുവനും പഴങ്ങൾ കഴിച്ചുകൊണ്ടിരുന്നു എന്ന് ചരിത്രത്തിൽ രേഖപ്പെട്ടു കിടക്കുന്നു.

ഹദ്റത്ത് സഅദ്ന്റെ ഈ വിധിയെകുറിച്ച് ചിലർ നബിതിരുമേനി(സ)ക്ക് മേൽ ആക്ഷേപം ഉന്നയിക്കാറുണ്ട്. ബനൂ ഖുറൈസക്ക് മേൽ അതിക്രമം പ്രവർത്തിക്കപ്പെട്ടു എന്ന് ആക്ഷേപിച്ചുകൊണ്ട് പലരും നമ്മുടെ യുവാക്കളുടെ ചിന്തകളെയും വിഷലിപ്തമാക്കുന്നു. ഇതിന്റെ ഒരു വ്യക്തമായ മറുപടി എന്തെന്നാൽ ഈ വിധി നബിതിരുമേനി(സ) വിധിച്ചതല്ല, മറിച്ച് ബനൂഖുറൈസയുടെ സഖ്യകക്ഷി തന്നെയാണ് ഇത് വിധിച്ചത്. താൻ വിധിക്കുന്ന വിധി നബിതിരുമേനി(സ)യും അംഗീകരിക്കും എന്ന് അദ്ദേഹം വാഗ്ദാനം വാങ്ങുകയും ചെയ്തിരുന്നു.

ഈ അവസരത്തിൽ നബിതിരുമേനി(സ) വളരെ മനോവിഷമത്തോടെ ഇപ്രകാരം പറഞ്ഞു: യഹൂദികളിലെ സ്വാധീനമുള്ളവരിൽ നിന്ന് പത്ത് പേരെങ്കിലും എന്നിൽ വിശ്വസിച്ചിരുന്നു എങ്കിൽ ഈ സമൂഹം മുഴുവനും എന്നിൽ വിശ്വസിക്കുകയും ദൈവീകശിക്ഷയിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യുമായിരുന്നു.

അടുത്ത ദിവസം ഹദ്റത്ത് സഅദ് ബിൻ മുആദ്ന്റെ വിധി പ്രാവർത്തികമാക്കുന്ന ദിവസമായിരുന്നു. നബിതിരുമേനി(സ)യും അവിടെ സന്നിഹിതനായിരുന്നു. ഈ വിധി നടപ്പിലാക്കുന്ന സമയത്ത് നബിതിരുമേനി(സ)യുടെ എന്തെങ്കിലും മാർഗ്ഗനിർദ്ദേശം ആവശ്യമായിവരുകയാണെങ്കിൽ ഉടൻ തന്നെ അത് നല്കുന്നതിനായായി അദ്ദേഹം അടുത്ത് തന്നെ സന്നിഹിതനായിരുന്നു. ഹദ്റത്ത് സഅദ്ന്റെ വിധിക്കെതിരെ നബിതിരുമേനി(സ)ക്ക് ഒരു ന്യായാധിപൻ എന്ന നിലയിൽ ഹർജി സ്വീകരിക്കാൻ കഴിയില്ലായിരുന്നു എങ്കിലും ഒരു രാഷ്ട്രത്തലവൻ എന്ന നിലയിൽ ഏതെങ്കിലും പ്രത്യേകകാരണങ്ങളുടെ അടിസ്ഥാനത്തിൽ ചിലരുടെ ദയാഹർജി തീർച്ചയായും പരിഗണിക്കാൻ കഴിയുമായിരുന്നു.

നബിതിരുമേനി(സ) ദയയെ മുൻനിർത്തി കുറ്റവാളികളുടെ വധശിക്ഷ വെവ്വേറെ നടപ്പിലാക്കണമെന്ന് കല്പിച്ചു. അതായത് ഒരാളുടെ വധശിക്ഷ നടപ്പിലാക്കപ്പെടുമ്പോൾ മറ്റൊരു കുറ്റവാളിയും അവിടെ ഉണ്ടാകരുത്. ബനൂ നദീറിന്റെ തലവൻ ഹുയയ് ബിൻ അഖ്ത്തബിനെ വധശിക്ഷ നടപ്പിലാക്കാനായി കൊണ്ടുവന്നപ്പോൾ അയാൾ നബിതിരുമേനി(സ)യുടെ നേരെ നോക്കിക്കൊണ്ട് പറഞ്ഞു; അല്ലയോ മുഹമ്മദ്(സ)! ഞാൻ താങ്കളെ എതിർത്തതിൽ എനിക്ക് ഖേദമില്ല. ദൈവത്തെ ഉപേക്ഷിക്കുന്നവനെ ദൈവവും ഉപേക്ഷിക്കുന്നതാണ്. ഇത് ദൈവത്തിന്റെ കല്പനയും വിധിയുമാണ്.

ബനൂ ഖുറൈസയുടെ പ്രമാണിയായ കഅബ് ബിൻ അസദിനെ വധശിക്ഷക്കായി കൊണ്ടുവന്നപ്പോൾ നബിതിരുമേനി(സ) അയാളോട് ഇസ്‌ലാം സ്വീകരിക്കാൻ ആംഗ്യഭാഷയിൽ പ്രേരിപ്പിച്ചു. അപ്പോൾ അയാൾ പറഞ്ഞു: അല്ലയോ അബുൽഖാസിം! ഞാൻ മുസ്‌ലിം ആവുകയാണെങ്കിൽ ഞാൻ മരണത്തെ ഭയന്നു എന്ന് ജനങ്ങൾ പറയും. അതിനാൽ യഹൂദമതത്തിൽ തന്നെ ഞാൻ മരിക്കട്ടെ.

ഈ യുദ്ധത്തിൽ നിന്ന് ലഭിച്ച യുദ്ധമുതലുകൾ നബിതിരുമേനി(സ) സഹാബികൾക്കിടയിൽ വിതരണം ചെയ്തു. ചില സ്ത്രീകൾക്കും ഇതിൽ നിന്ന് ഒരു വിഹിതം ലഭിച്ചു. ഹദ്റത്ത്മിർസാ ബശീർ അഹ്മദ് സാഹിബ് ബന്ദികളെകുറിച്ച് ചരിത്രഗ്രന്ഥങ്ങളിൽ നിന്ന് ഗഹനമായ പഠനം നടത്തിയതിന് ശേഷം ഇപ്രകാരം എഴുതുന്നു: നബിതിരുമേനി(സ) ബന്ദികളെ നജ്ദിലേക്ക് പറഞ്ഞയച്ചിരുന്നു എന്ന് ചില നിവേദനങ്ങളിൽ വരുന്നുണ്ട്. നജ്ദിലെ ചില ഗോത്രങ്ങൾ ഇവരെ മോചനദ്രവ്യം നൽകി മോചിപ്പിച്ചു. ഈ പണംകൊണ്ട് മുസ്‌ലിങ്ങൾ തങ്ങളുടെ യുദ്ധാവശ്യങ്ങൾക്കുള്ള കുതിരകളും ആയുധങ്ങളും വാങ്ങി. ഇങ്ങനെ സംഭവിച്ചിരിക്കാൻ എല്ലാ സാധ്യതകളും ഉണ്ട്. എന്തെന്നാൽ നജ്ദിലെ ഗോത്രങ്ങളും ബനൂ ഖുറൈസയും പരസ്പരം സഖ്യകക്ഷികളായിരുന്നു. എന്നാൽ ചില സഹീഹായ നിവേദനങ്ങ

ളിൽ നിന്ന് മനസ്സിലാകുന്നത് എന്തെന്നാൽ ഈ ബന്ദികൾ എല്ലാവരും മദീനയിൽതന്നെ ഉണ്ടായിരുന്നു എന്നും നബിതിരുമേനി(സ) അവരെ വിവിധ സഹാബാക്കളുടെ മേൽനോട്ടത്തിൽ വിതരണം ചെയ്യുകയുമായിരുന്നു എന്നുമാണ്. ചിലർ തങ്ങളുടെ മോചനദ്രവ്യം നൽകി മോചിതരായി. ചിലരെ നബിതിരുമേനി(സ) മോചനദ്രവ്യമില്ലാതെ തന്നെ ദയയോടെ വിട്ടയക്കുകയുമുണ്ടായി. ഇവർ പിന്നീട് ഓരോരുത്തരായി ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു.

ഈ അവസരത്തിൽ നബിതിരുമേനി(സ) പുറപ്പെടുവിച്ച ഒരു കല്പനയിൽ നിന്ന് അദ്ദേഹം കാരുണ്യസാഗരമാണെന്നും സ്ത്രീകളോട് ഔദാര്യം ചെയ്യുന്നവനാണെന്നും തങ്കലിപികളിൽ എഴുതപ്പെടേണ്ടതാണ്. നബിതിരുമേനി(സ) പറഞ്ഞു: വിതരണം ചെയ്യപ്പെടുകയോ വിൽക്കപെടുകയോ ചെയ്യുന്ന ഏതെങ്കിലും ഒരു സ്ത്രീയുടെ കൂടെ ചെറിയ കുട്ടി ഉണ്ടെങ്കിൽ പ്രായപൂർത്തി ആകുന്നത് വരെ ആ കുട്ടിയെ മാതാവിൽ നിന്നും അകറ്റാൻ പാടുള്ളതല്ല. അതുപോലെതന്നെ കുട്ടികളായ രണ്ടു സഹോദരികൾ ഉണ്ടെങ്കിൽ അവരെയും പ്രായപൂർത്തിയാകുന്നത് വരെ അകറ്റി നിർത്താൻ പാടുള്ളതല്ല. സ്ത്രീകളോടും ബന്ധികളോടും ശത്രുക്കളോടും റഹ്മത്തുൽ ലിൽ ആലമീൻ ഇങ്ങനെയാണ് പെരുമായിരുന്നത്. എന്നാൽ ഇന്നു മുസ്‌ലിങ്ങളുടെ അവസ്ഥയെന്താണെന്ന് നോക്കൂ. അല്ലാഹുവിന്റെയും റസൂലിന്റെയും പേരിൽ അവർ ഇന്ന് ജനങ്ങളെ വീടുകളിൽ നിന്നും പുറത്താക്കുകയാണ്, വധിക്കുകയാണ്. ഇതിനാൽ മുസ്‌ലിങ്ങൾ തന്നെ അപമാനിതരാവുകയാണ്. അല്ലാഹു മുസ്‌ലിംകൾക്ക് ബുദ്ധിയും വിവേകവും നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهِ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ - عِبَادَاللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَيَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -


Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 25-10-2024

Malayalam Translation: **Moulavi P.M.Waseem Ahmad Shahid**

For Malayalam Desk, Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516